കെ.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ

75 [83] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ടി. ഡി. സി. മാനേജിംഗ് ഡയറക്ടർ ശ്രീ. എസ്.കെ. പിള്ള ഔഷധി മാനേജിംഗ് ഡയറക്ടർ ആയിരുന്നപ്പോൾ അദ്ദേഹത്തിനെതിരെ ഉണ്ടായ ആരോപണങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) അതിനെക്കുറിച്ച് അന്വേഷണങ്ങൾ നടത്തിയിരുന്നുവോ;

(സി) നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണറിപ്പോർട്ട് എന്തായിരുന്നു;

(ഡി) അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. എസ്.കെ. പിള്ളയുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ;

(ഇ) സ്വീകരിച്ചിട്ടുണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആരോപണങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ബി) അന്വേഷണം നടത്തിയിരുന്നു.

(സി, ഡി, ഇ) അന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്. വിശദവിവരങ്ങൾ വെളിപ്പെടുത്തുവാൻ, നിർവ്വാഹമില്ല.

കോവളം ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുന്ന നടപടി

76 [84] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അന്തർദ്ദേശീയ ടൂറിസ്റ്റ് കേന്ദ്രമായ കോവളത്തിന്റെ വികസനത്തിനുവേണ്ടി കോവളം ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

തിരുവനന്തപുരം ഡവലപ്പ്മെന്റ് അതോറിറ്റിയുടെ അധികാരപരിധിയിൽ ഉൾപ്പെട്ട സ്ഥലമാണ് കോവളം ആയതിനാൽ കോവളത്തിന്റെ വികസനത്തിന് മാത്രമായി ഒരു ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യവുമില്ല.

സെലക്ഷൻ നടന്നതിന്റെ മാനദണ്ഡം

77 [85] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരാമെഡിക്കൽ കോഴ്സുകളിലേക്ക് സെലക്ഷൻ നടന്നതിന്റെ മാനദണ്ഡമെന്താണ്;

---

†അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കോഴ്സുകളിലേക്ക് നിർദ്ദിഷ്ട യോഗ്യത യുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാരെ ലഭിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ നിശ്ചിത യോഗ്യതയിൽനിന്നും ഇവർക്ക് ഇളവു നൽകുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില പാരാമെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുവേണ്ടി എസ്.എസ്.എൽ.സി.യും മറ്റു ചില പാരാമെഡിക്കൽ കോഴ്സുകൾക്കുവേണ്ടി പ്രീഡിഗ്രിയും (സെക്കൻറ് ഗ്രൂപ്പ്) ആണ് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. നിയമപ്രകാരമുള്ള റിസർവ്വേഷൻ വ്യവസ്ഥകളും പാലിക്കപ്പെടുന്നുണ്ട്.

(ബി) നിർദ്ദിഷ്ട യോഗ്യതയുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ലഭിക്കാറുണ്ട്. അപൂർവ്വമായി ചില സീറ്റുകൾ ഒഴിവുണ്ടാകാറുണ്ട്.

(സി) ആകെയുള്ള സീറ്റുകളുടെ പത്തു ശതമാനം പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുണ്ട്. ഇവർക്ക് ഓരോ കോഴ്സിനും ആവശ്യമായ പരീക്ഷായോഗ്യതയും നിശ്ചയിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്പെഷ്യൽ കമ്പോണന്റ് പ്ലാനിൽ പ്രത്യേകമായി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്നുണ്ട്. അവർക്കു സാധാരണ കോഴ്സുകൾക്കുള്ളതിൽ കൂടുതൽ സീറ്റുകൾ ഉള്ളതുകൊണ്ടാണ് ചിലപ്പോൾ സീറ്റുകൾ ഒഴിവു വരുന്നത്.

കഴിഞ്ഞവർഷം പുതുതായി ആരംഭിച്ച ആശുപത്രികളും ഡിസ്പെൻസറികളും

78 [86] ശ്രീ. കെ.വി. സുരേന്ദ്രനാഥ്:
,, പി. കുമാരൻ:
,, എം.കെ. കേശവൻ:
,, കെ.ടി. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാനത്ത് എത്ര ആശുപത്രികളും ഡിസ്പെൻസറികളും പുതിയതായി ആരംഭിച്ചു;

(ബി) എവിടെയെല്ലാം;

(സി) അലോപ്പതി ഡിസ്പെൻസറികൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട്;

(ഡി) ഏതെല്ലാം?



LIBRARY ARCHIVES Kerala Legislative Assembly